"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന മിനി എം.സി.എഫ്-കളുടെയും ബോട്ടിൽ ബൂത്തുകളുടെയും സ്പെസിഫിക്കേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്നപ്രകാരം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.284/2025/LSGD തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:- (1) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ MGNREGS ജോയിന്റ് ഡയറക്ടർക്കയച്ച 10.06.2024-ലെ 591/C3/2024/SM നമ്പർ കത്ത്.

(2) ബഹു:ത.സ്വ.ഭ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 06.09.2024-ന് നടന്ന കോഴിക്കോട് ജില്ലാതല അദാലത്തിലെ തീരുമാനം

(3) മൂടാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.12.2024-ലെ കത്ത്.

(4) MGNREGS മിഷൻ ഡയറക്ടറുടെ 27.01.2025-ലെ NREGA/288/2023-D1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന മിനി എം.സി.ഫ്(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)-കളുടെ സ്പെസിഫിക്കേഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാൻ കഴിയുന്ന വിധത്തിൽ നിർമ്മിക്കുന്നതിനുള്ള പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് മൂടാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

(2) ബഹു:ത.സ്വ.ഭ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 06.09.2024-ന് നടന്ന കോഴിക്കോട് ജില്ലാതല അദാലത്തിൽ ഈ വിഷയം പരിഗണിക്കുകയും അനുകൂല ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയരുടെ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരം മിനി എംസിഎഫ് / ബോട്ടിൽ ബൂത്ത് എന്നിവ നിർമ്മിക്കുന്നതിന് അനുമതി നൽകി എല്ലാ ജില്ലാ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) മിഷൻ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന മിനി എം.സി.എഫ്-കളുടെ വലിപ്പം കുറവാണെന്ന പരാതി നിലനിൽക്കുന്നതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യത്തിന്റെ തോതിനും, നിലവിലെ ലിഫ്റ്റിംഗ് സംവിധാനങ്ങൾക്കും, സ്ഥല ലഭ്യതയ്ക്കും അനുസൃതമായി വലിപ്പം കണക്കാക്കി മിനി എം.സി.എഫ്-കളുടെയും ബോട്ടിൽ ബൂത്തുകളുടെയും സ്പെസിഫിക്കേഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാൻ കഴിയുന്ന വിധത്തിൽ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന)
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 30-01-2025 16:03:11
സെക്ഷൻ ഓഫീസർ

പകർപ്പ് :-തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്